"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.ഗണേശൻ കെ. (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ), ഫയൽ ചെയ്ത OA 840/2019 നമ്പർ കേസിലെ 30.05.2019-ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. .

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1693/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 06.08.2019.**

---

പരാമർശം: 1) സ.ഉ.(അച്ചടി) നം. 17/2018/ഉ.ഭ.പ.വ. തീയതി, 27.12.2018.

2) 03.04.2019-ലെ ശ്രീ.ഗണേശൻ കെ. (ബി.ഡി.ഒ.) സമർപ്പിച്ച അപ്പീൽ അപേക്ഷ. (Annexure A4)

3) ഗ്രാമവികസന കമ്മീഷണറുടെ 13.05.2019-ലെ 4518/എസ്റ്റാ.ബി1/19/സിആർഡി നമ്പർ കത്ത്.

4) 23.05.2019-ലെ തസ്വഭവ-ഇആർഎ2/133/2019-തസ്വഭവ നമ്പർ കത്ത്.

5) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 840/2019-ന്മേലുള്ള 30.05.2019-ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ശ്രീ.ഗണേശൻ കെ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനം ക്രമീകരിച്ച തീയതി മുതൽ 6 മാസക്കാലം നിരീക്ഷണകാലമായി കണക്കാക്കി നിരീക്ഷണകാലം പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമവികസന കമ്മീഷണർക്ക് നിവേദനം സമർപ്പിച്ചിരുന്നു. ടി നിവേദനത്തിലെ ആവശ്യം നിരസിച്ചതിനാൽ ടിയാൻ 03.04.2019-ന് സർക്കാരിന് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും അതോടൊപ്പം കോടതിയിൽ OA ഫയൽ ചെയ്യുകയും ചെയ്തു. ടിയാന്റെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം ബൈ ട്രാൻസ്ഫർ നിയമനമായതിനാൽ നിരീക്ഷണകാലം തുടർച്ചയായ 3 വർഷക്കാലത്തിനുള്ളിൽ 2 വർഷമാണ് എന്ന്, ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (3)-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരം സർക്കാർ അപേക്ഷകനെ അറിയിച്ചിരുന്നു. പരാമർശം (5) പ്രകാരം ശ്രീ.ഗണേശൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 840/2019-ന്മേലുള്ള വിധിന്യായത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവായി.

"The Original Application is disposed of with a direction to the first respondent to take a decision on Annexure A4 appeal after hearing the applicant as expeditiously as possible, at any rate within six weeks from the date of production of a certified copy of this order as it is submitted that the applicant will be attaining superannuation on 31.07.2019."

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.07.2019-ൽ അണ്ടർ സെക്രട്ടറി അപേക്ഷകനെ നേരിൽകേട്ടു. ഹിയറിംഗിന് ഹാജരായ വേളയിൽ, 29 വർഷം സേവനം നടത്തിയ വകുപ്പിൽ നിന്നും യഥാവിധിയല്ലാത്ത സ്പെഷ്യൽ റൂൾസിന്റെ കാര്യം പറഞ്ഞ് പ്രമോഷൻ വഴിയുള്ള നിയമനം അംഗീകരിക്കാത്ത സാഹചര്യം, പ്രമോഷൻ ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും നിരീക്ഷണകാലം പൂർത്തിയാക്കി യഥാവിധിയുള്ള പ്രമോഷൻ ലഭിക്കാത്ത സാഹചര്യം, ഒരേ വകുപ്പിലുള്ള സമാന തസ്തികകളിലേക്കുള്ള നിയമനത്തിൽ പ്രൊബേഷൻ/പ്രമോഷൻ/റഗുലറൈസേഷൻ എന്നിവ വ്യത്യസ്ത

തരത്തിൽ കണക്കാക്കുന്ന സാഹചര്യം, 2011-ലെ വിശേഷാൽ ചട്ടത്തിന്റെ പിൻബലത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സ്പഷ്ടീകരണം ഖണ്ഡിക V ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്ന കാര്യത്തിൽ യുക്തമായ തീരുമാനമെടുക്കാത്ത സാഹചര്യം, തുല്യ നീതി ലഭിക്കുന്നതിനുള്ള ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥ പ്രകാരമുള്ള നീതി ഒരേ തരത്തിലുള്ള ജീവനക്കാർക്ക് ലഭിക്കാനുള്ള സാഹചര്യം, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി വകുപ്പുകളുടെ വിശേഷാൽ ചട്ടത്തിന്റെ മറവിൽ പ്രമോഷൻ നിഷേധിക്കാൻ സാധ്യമാണോ എന്ന സാഹചര്യം എന്നിവ പരിശോധിക്കണമെന്നും ബൈ ട്രാൻസ്ഫർ എന്നത് ബൈ പ്രൊമോഷൻ എന്നാക്കി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യണമെന്നും ടിയാൻ ആവശ്യപ്പെട്ടു.

ശ്രീ.ഗണേശൻ ഫയൽ ചെയ്ത അപ്പീൽ അപേക്ഷയിൽ, 27.05.2016-ന് പ്രൊമോഷൻ വഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിതനായ ടിയാന്റെ നിരീക്ഷണകാലം 01.07.2018-ന് പൂർത്തിയാകേണ്ടതായിരുന്നുവെന്നും, എന്നാൽ സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ തസ്തികകളിൽ നിയമിച്ചിട്ടുള്ള സെക്രട്ടറിമാരുടെയും മറ്റും നിയമനം ബൈ ട്രാൻസ്ഫർ വ്യവസ്ഥയിലാണെന്നും ആയതിന്റെ നിരീക്ഷണകാലം തുടർച്ചയായ 3 വർഷ കാലത്തിനുള്ളിൽ 2 വർഷമാണെന്നും ഉചിതമായ സേവനകാലമില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചുവെന്നും, സെലക്ട് ലിസ്റ്റ്/ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ഗ്രാമവികസന കമ്മീഷണറുടെ 20.05.2016-ലെ 194/എസ്റ്റാ.ബി1/16/സിആർഡി നമ്പർ ഉത്തരവ് പ്രകാരം പ്രൊമോഷൻ തസ്തികയിൽ സെക്രട്ടറിയായി നിയമനം നടത്തുകയും 01.01.2018-ന് നിയമനം റഗുലറൈസ് ചെയ്യുകയുമുണ്ടായി എന്നും പ്രൊമോഷൻ തസ്തികയിൽ നിയമിച്ച ജീവനക്കാരുടെ പ്രൊബേഷൻ കാലം തുടർച്ചയായി ഒരു വർഷത്തെ സർവ്വീസിൽ 6 മാസം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നും കൂടാതെ ടിയാൻ കെ.എസ്.ആർ. ലോവർ പരീക്ഷ പാസ്സായിട്ടുണ്ടെന്നും തന്റെ ജനന തീയതി 15.07.1963-ഉം, സൂപ്പർ ആന്വേഷൻ 31.07.2019-ഉം ആണ് എന്നും, 26.05.2016-ന് സെക്രട്ടറിയായി നിയമിതനായ തനിക്ക് 31.07.2019-നകം തന്റെ നിരീക്ഷണകാലം പൂർത്തിയായി അർഹമായ പ്രൊമോഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ലായെന്നും പ്രൊമോഷൻ തസ്തികയിൽ സെലക്ട് ലിസ്റ്റ് പ്രകാരം നിയമിതനായ തന്റെ നിരീക്ഷണകാലം 01.07.2018-ന് ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ തീരുമാനമുണ്ടാകണമെന്നും തനിക്ക് അർഹമായ ആനുകൂല്യങ്ങൾ തന്റെ റിട്ടയർമെന്റ് പിരീഡായ 31.07.2019-നകം ലഭ്യമാക്കുവാൻ നടപടി ഉണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു.

സർക്കാർ ടിയാന്റെ അപ്പീൽ അപേക്ഷയും നേരിൽകേട്ട വേളയിൽ സമർപ്പിച്ച നിവേദനവും വിശദമായി പരിശോധിച്ചു. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 (എ)(i) പ്രകാരമുള്ള താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്ന ഒരു ഉദ്യോഗസ്ഥന് ഇപ്രകാരം ലഭിക്കുന്ന താൽക്കാലിക സ്ഥാനക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഈ തസ്തികയിലേയ്ക്ക് എന്തെങ്കിലും തരത്തിലുള്ള മുൻഗണനയോ, ഭാവിയിലെ ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിലേയ്ക്കായി എന്തെങ്കിലും തരത്തിലുള്ള വിശേഷാൽ അവകാശമോ സിദ്ധിക്കുന്നതല്ല. താൽക്കാലിക സ്ഥാനക്കയറ്റം വഴി ഉയർന്ന തസ്തികയിൽ ജോലി നോക്കുമ്പോഴും ടി ഉദ്യോഗസ്ഥൻ ഫീഡർ കാറ്റഗറിയിലെ അംഗം തന്നെയാണ്. ചട്ടം 31 (ഡി) പ്രകാരം ഇപ്രകാരം താല്ക്കാലിക പ്രൊമോഷൻ ലഭിച്ചവരെ ടി പ്രൊമോഷൻ തസ്തികയിലെ പ്രൊബേഷണറായോ, അംഗീകൃത പ്രൊബേഷണറായോ, സ്ഥിരം ജീവനക്കാരനായോ കണക്കാക്കാൻ പാടില്ല.

ടിയാന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി റഗുലർ നിയമനം ലഭിക്കുന്നത് 01.12.2017 തീയതിയിലാണ്. കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 28(a)(ii) പ്രകാരം വിശേഷാൽ ചട്ടത്തിലോ എക്സിക്യൂട്ടീവ് ഉത്തരവിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനം വഴിയോ തസ്തികമാറ്റം വഴിയോ നിയമനം ലഭിച്ചിട്ടുള്ള വ്യക്തികളുടെ പ്രൊബേഷൻ കാലാവധി തുടർച്ചയായ മൂന്ന വർഷത്തിനുള്ളിലെ രണ്ടു വർഷത്തെ ഡ്യൂട്ടി കാലാവധി ആണ്. സങ്കുചിതമായ വ്യക്തി താല്പര്യങ്ങൾ മുൻനിർത്തി വ്യവസ്ഥാപിതമായ രീതിയിൽ

തയ്യാറാക്കപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന ശ്രീ. ഗണേശൻ കെ.-യുടെ ആവശ്യം പരിഗണനാർഹമല്ല.

മേൽ സാഹചര്യത്തിൽ ശ്രീ.ഗണേശൻ കെ.-യുടെ നിവേദനത്തിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ടിയാന്റെ നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ. ഗണേശൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കണ്ണൂർ. (ഗ്രാമ വികസന കമ്മീഷണർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ